29
ആഗസ്റ്റ് 2023
ചൊവ്വ
Pages- 5
Vol. 2 Issue 207

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

576



# വീടുകളിലെ പ്രാർത്ഥന തടയാനാവില്ല: കർണാടക ഹൈക്കോടതി

പേജ് 3

## ദേവാലയം റഷ്യൻ സൈന്യം പിടിച്ചെടുത്തു



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 29 ചൊവ്വ



# ഉയരങ്ങളിൽ എത്തി നിന്നാലും.......


ഇന്ത്യയുടെ അഭിമാനകരമായ ഒരു ദൗത്യം ആയിരുന്നു ചന്ദ്രയാൻ ചന്ദ്രനിലെത്തുന്നത്. അത് വിജയകരമായി പൂർത്തിയാക്കി. ഇനിയും സൂര്യനിലേക്കെത്തുവാൻ പരിശ്രമിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മുഴുവൻ ജനവും സന്തോഷിക്കുന്ന നിമിഷങ്ങൾ ആയിരുന്നു അത്. ശാസ്ത്രവും മനുഷ്യനും ജയിക്കുന്നു എന്ന് അഭിമാനിക്കുന്ന അനവധി നല്ല കാര്യങ്ങൾ ഇന്ത്യയിൽ നടക്കുമ്പോഴും മറ്റൊരു വശത്തു ജാതിയുടെയും മതത്തിന്റെയും പേരിൽ വിദ്വേഷങ്ങൾ ഉയരുന്നു. കൊലപാതകങ്ങൾ വർധിക്കുന്നു. ജനം ഭീകരവസ്ഥയിൽ കഴിയുന്നു. എല്ലാം ദൈവം സൃഷ്ടിച്ചത് മനുഷ്യന്റെ നന്മയ്ക്കായിരുന്നു. എന്നാൽ മനുഷ്യൻ ദൈവത്തിന്റെ ഉദ്ദേശത്തെ വികലം ആക്കി. സ്വന്തം മോഹങ്ങൾക്കനുസരിച്ച്, പാപത്തെ ആസ്വദിച്ചു ദൈവത്തിനും ദൈവകല്പനകൾക്കും വിരോധമായി ജീവിച്ച് ദൈവത്തെ കോപിപ്പിക്കുന്നു. അത് മൂലം ശാസ്ത്രം എത്ര ഉയർന്നാലും എത്ര അമൂല്യമായ കാര്യങ്ങൾ ചെയ്താലും എല്ലാവർക്കും ഒരുപോലെ സന്തോഷിക്കാൻ കഴിയുന്നില്ല. ബുദ്ധിമാൻമാർ എന്ന് തോന്നുന്നവർ ചെയ്തുകൂട്ടുന്ന നീചപ്രവർത്തികളുടെ ഫലം നിരപരാധികളായവർ അനുഭവിക്കുന്നു.

നക്ഷത്രങ്ങളുടെ ഇടയിൽ കൂടു വെച്ചാലും അവിടെ നിന്നു ഞാൻ നിന്നെ ഇറക്കും (ഓബാദ്യവ് 4). മനുഷ്യൻ എത്ര ഉയർന്ന അവസ്ഥയിൽ എത്തിയാലും ദൈവത്തെ മറന്നാൽ ദൈവം അവനെ ഉയർച്ചയിൽ സ്ഥിരപ്പെടുത്തില്ല. ചിലതൊക്കെ നേടിയെന്ന് തോന്നും. ദൈവത്തെ കൂടാതെ പലതും സാധിച്ചു എന്നും തോന്നാം. എന്നാൽ ദൈവം അനുവദിക്കാതെ ഒരു വിജയവും ശാശ്വതം അല്ല എന്ന് ദൈവം തെളിയിക്കുകയാണ്. മനുഷ്യന്റെ കഴിവുകൾ എത്ര വർദ്ധിച്ചാലും അവനു ദൈവത്തേക്കാൾ വലിയവൻ ആകാൻ കഴിയില്ല. വാസ്തവമായി ദൈവത്തിനു കീഴ്പ്പെടുന്നില്ലെങ്കിൽ ഉയർച്ചയിൽ നിന്നും താഴെ ഇറക്കും. നല്ലത് എന്തെന്ന് ദൈവം കാണിച്ചു തന്നിരിക്കുന്നു. ആ വഴിയിലൂടെ നീങ്ങുവാൻ മനുഷ്യൻ പരിശ്രമിക്കാത്ത കാലത്തോളം സ്വസ്ഥതയും സമാധാനവും ലഭിക്കില്ല. ദൈവീക സമാധാനം നിറഞ്ഞ ജീവിതം നയിച്ച് നിത്യതയിൽ എത്തുന്നതാണ് മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഹിതം. ഉന്നതമായ കാര്യങ്ങൾ ചെയ്ത് ദൈവത്തിൽ നിന്നും അകന്ന് നിത്യതയെ നഷ്ടപ്പെടുത്താതെ ദൈവ ഹിതത്തിനനുസരണമായി വിശുദ്ധ ജീവിതം നയിച്ചു ദൈവസന്നിധിയിലെത്തുവാൻ നമുക്ക് തീരുമാനം എടുക്കാം



സിസ്റ്റർ ഷീലാദാസ്

# സംസ്ഥാനത്ത് ചൂട് മുന്നറിയിപ്പ്; താപനില ഉയരും



തിരുവനന്തപുരം :സംസ്ഥാനത്ത് ആറ് ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ് നൽകി കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം ജില്ലയിൽ ഉയർന്ന താപനില 36ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയത്ത്35ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട ജില്ലകളിൽ 34ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം ജില്ലയിൽ 33ഡിഗ്രി സെൽഷ്യസ്വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സാധാരണയെക്കാൾ 2 മുതൽ 5 ഡിഗ്രി സെൽഷ്യസ്വരെ താപനില ഉയരാനാണ് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.സൂര്യാഘാത സൂര്യാതപ സാധ്യത നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകി. പകൽ സമയത്ത്നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. നിർജലീകരണം തടയാൻ ധാരാളം വെള്ളം കുടിക്കണം തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ. മധ്യകേരളത്തിലും തെക്കൻ കേരളത്തിലും ഇന്നും നാളെയും നേരിയ മഴ സാധ്യതയുണ്ട്

## വീണ്ടും ചൈനീസ് പ്രകോപനം; അരുണാചലിനെ ഉൾപ്പെടുത്തി ഔദ്യോഗിക ഭൂപടം ഇറക്കി

ബീജിംഗ്: ഇന്ത്യയെ പ്രകോപിപ്പിച്ച് വീണ്ടും ചൈന. ഇന്ത്യൻ സംസ്ഥാനമായ അരുണാചൽ പ്രദേശിനെയും അക്സായ് ചിൻ പ്രദേശത്തെയും ഉൾപ്പെടുത്തി ചൈന ഭൂപടം പ്രസിദ്ധീകരിച്ചു. ഈ രണ്ട് മേഖലകളും തങ്ങളുടെ ഭൂപ്രദേശമാണെന്ന് അവകാശപ്പെട്ടാണ് ഭൂപടം ഇറക്കിയത്.ഈ വർഷത്തെ സ്റ്റാൻഡേർഡ് മാപ്പിലാണ് ചൈനീസ് പ്രകോപനം. ഇന്നലെയാണ് ഭൂപടം പ്രസിദ്ധീകരിച്ചത്. തെക്കൻ തിബത്ത് ആയാണ് അരുണാചൽ പ്രദേശ് ചൈനീസ് ഭൂപടത്തിലുള്ളത്. അക്സായ് ചിൻ ചൈനീസ് ഭൂപ്രദേശമാണെന്നും 1962ലെ യുദ്ധത്തിൽ പിടിച്ചെടുത്തതാണെന്നും പറയുന്നു.

തായ്വാനും തർക്കപ്രദേശമായ സൗത്ത് ചൈന കടലും ചൈനീസ് ഭൂപ്രദേശമായി ഭൂപടത്തിലുണ്ട്. വിയറ്റ്നാം, ഫിലിപ്പീൻസ്, മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങളും സൗത്ത് ചൈന കടലിൽ അവകാശവാദമുയർത്തുന്നുണ്ട്. സർവേ മാപ്പിംഗ് പബ്ലിസിറ്റി ദിനത്തിൽ ചൈനീസ് പ്രകൃതിവിഭവ മന്ത്രാലയമാണ് ഭൂപടം പ്രസിദ്ധീകരിച്ചത്.


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

**1. ഫെയ്സ്ബുക്കിലൂടെ**

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

**2 യൂ ട്യൂബിലൂടെ**

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

**3 ഡിജിറ്റൽ ദിനപത്രത്തിലൂടെ**

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

**4 ഡിജിറ്റൽ വീക്ക്ലിയിലൂടെ**

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

**5 ന്യൂസ് പേപ്പറിലൂടെ**

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

**6 വെബ്സൈറ്റിലൂടെ**

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**
India: +91 98465 52220
UAE: +971 55 862 1000

Christian Live (Malayalam) Advertisement Tariff

| | |
|---|---|
| **Full Page** | **Quarter Page** |
| Front – 5000 INR<br>Back – 4000 INR<br>Inside- 3000 INR | Front - 1250 INR<br>Back - 1000 INR<br>Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR<br>Back- 2000 INR<br>Inside -1500 INR | Front - 750 INR<br>Back - 500 INR<br>Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ആർട്ടിക്കിൾ 35 എ ജമ്മു കശ്മീരിലെ ജനങ്ങളുടെ മൗലികാവകാശങ്ങൾ എടുത്തുകളഞ്ഞു: ചന്ദ്രചൂഡ്

ന്യൂഡൽഹി : ഭരണഘടനയിലെ ആർട്ടിക്കിൾ 35 എ ജമ്മു കശ്മീരിലെ ജനങ്ങളുടെ മൗലികാവകാശങ്ങൾ എടുത്തുകളഞ്ഞിട്ടുണ്ടെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്. ആർട്ടിക്കിൾ 35 എ മൂന്ന് മൗലികാവകാശങ്ങൾ എടുത്തുകളഞ്ഞെന്ന് ജമ്മു കശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞതിനെതിരെയുള്ള ഹരജി പരിഗണിക്കവേയാണ് ചന്ദ്രചൂഡ് വാക്കാൽ ഇക്കാര്യം അറിയിച്ചത്.

'സംസ്ഥാന സർക്കാരിന് കീഴിലുള്ള തൊഴിൽ ആർട്ടിക്കിൾ 16 (1)പ്രകാരം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഒരു വശത്ത് ആർട്ടിക്കിൾ 16 (1) സംരക്ഷിക്കപ്പെടുമ്പോൾ തന്നെ 35 എ ആ മൗലികാവകാശം എടുത്തുകളയുകയാണ്.ആർട്ടിക്കിൾ 35 എ പരിചയപ്പെടുത്തുമ്പോൾ മൂന്ന് മൗലികാവകാശങ്ങൾ എടുത്തുകളയുകയാണ്. ആർട്ടിക്കിൾ 16 (1)ഉം ആർട്ടിക്കിൾ 19 (1)എഫ്, ആർട്ടിക്കിൾ 31 എന്നിവ പ്രകാരമുള്ള മൗലികാവകാശമായ സ്ഥാവര സ്വത്തുക്കൾ സമ്പാദിക്കാനുള്ള അവകാശവും, ആർട്ടിക്കിൾ 19 (1)(ഇ) പ്രകാരമുള്ള സംസ്ഥാനവുമായുള്ള ഉടമ്പടികളുമാണ് ഈ മൗലികാവകാശങ്ങൾ.

സംസ്ഥാന സർക്കാരിന് കീഴിലുള്ള തൊഴിൽ, സ്ഥാവര സ്വത്തുക്കൾ ഏറ്റെടുക്കൽ, സംസ്ഥാനവുമായുള്ള ഉടമ്പടികൾ എന്നിവ ഒഴിവാക്കിയാണ് ആർട്ടിക്കിൾ 35 എ സൃഷ്ടിച്ചിരിക്കുന്നത്,' ചന്ദ്രചൂഡ് പറഞ്ഞു.

ആർട്ടിക്കിൾ 35 എയുമായി ബന്ധപ്പെട്ട ചർച്ചയിൽ ജമ്മു കശ്മീരിന്റെ പുരോഗതിക്ക് ആർട്ടിക്കിൾ തടസം സൃഷ്ടിച്ചുവെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്തയും വാദിച്ചു. ടൂറിസവും കുടിൽ വ്യവസായവും മാത്രം വരുമാന മാർഗമായ സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ആർട്ടിക്കിൾ റദ്ദാക്കിയതെന്നും മേത്ത ചൂണ്ടിക്കാട്ടി.

ഇതുവരെ ജമ്മു കശ്മീരിൽ എട്ട് തവണ ഗവർണർ ഭരണവും മൂന്ന് തവണ രാഷ്ട്രപതി ഭരണവും ഏർപ്പെടുത്തിയതായി മേത്ത പറഞ്ഞു. എന്നാൽ ആർട്ടിക്കിൾ 356 പ്രകാരം മൂന്ന് വർഷം മാത്രമാണ് രാഷ്ട്രപതി ഭരണത്തിനുള്ള കാലാവധിയെന്നും ജമ്മുവിൽ അത് മൂന്ന് വർഷം കഴിഞ്ഞുവെന്നും ജസ്റ്റിസ് സഞ്ജീവ് ഖന്ന പറഞ്ഞു. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്താനും ഖന്ന ആവശ്യപ്പെട്ടു.

ചന്ദ്രചൂഡ്, ജസ്റ്റിസ് സഞ്ജയ് കിശൻ കൗൾ, സഞ്ജീവ് ഖന്ന, ബി.ആർ.ഗവായ്, സൂര്യ കാന്ത് എന്നിവരടങ്ങുന്ന ബെഞ്ചാണ് ജമ്മു കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെ ചോദ്യം ചെയ്യുന്ന ഹരജി പരിഗണിക്കുന്നത്. ഇന്നും വാദം കേൾക്കൽ തുടരും.


# എടത്വ യുപിവൈഎമ്മിന് പുതിയ ഭാരവാഹികൾ



എടത്വ: എടത്വ തലവടി പ്രദേശങ്ങളിലെ പെന്തക്കോസ്ത് യുവജനങ്ങളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ് യൂത്ത് മൂവ്മെന്റിന്റെ 2023-24 ലെ ഭാരവാഹികളെ തിരഞ്ഞെടുത്തു.
ഡയറക്ടറായി ബ്രദർ ബിനോ മാത്യു, അസോസിയേറ്റ് ഡയറക്ടേഴ്സായി പാസ്റ്റർ റോഷി ദേവസ്യ, ഇവാ. ഷൈജു എസ്., സെക്രട്ടറിയായി ബ്രദർ ലിജോ പി. ജോസഫ്, ജോയിന്റ് സെക്രട്ടറി ബ്രദർ ഡെയ്സൺ എസ്സ്. ഡെന്നി, ട്രഷറാർ ബ്രദർ ജയ്മോൻ തോമസ്, പ്രെയർ കോഡിനേറ്റർ ബ്രദർ ജോമോൻ എസ്സ്., കമ്മറ്റി അംഗങ്ങളായി ബ്രദർ ജിൻസൺ ഫിലിപ്പോസ്, ബ്രദർ റോബി ചെറിയാൻ, ബ്രദർ സാം പി. അശോക് എന്നിവരും, സീനിയർ എക്സിക്യൂട്ടീവ് മെമ്പേഴ്സായി പാസ്റ്റർ സാലു വർഗീസ്, ബ്രദർ ബിനോയി പി. അലക്സ്, പാസ്റ്റർ ബിബു ജേക്കബ്, ഇവാ. ഡെന്നി സാമുവേൽ, ബ്രദർ സന്തോഷ് ലൂതർ എന്നിവരെയും തിരഞ്ഞെടുത്തു.
വെള്ളക്കിണർ ഐപിസി ചർച്ചിൽ പാസ്റ്റർ സാലു വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ജനറൽ ബോഡി മീറ്റിംഗിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

# പ്രതീക്ഷയെ തളർത്താത്ത ദൈവം

**നല്ല നാളെ നോക്കി യാത്ര ചെയ്യുന്നതിനിടയിൽ ചില വേദനിപ്പിക്കുന്ന ഇന്നലെകൾ നമ്മെ മടുപ്പിച്ചേക്കാം; എങ്കിലും ഓർക്കുക**



ജിജി ഫിലേ

ഹബകുക്ക് 2:3 'ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു സമയം തെറ്റുകയില്ല അതു വൈകിയാലും അതിനായി കാത്തിരിക്കുക അത് വരും നിശ്ചയം താമസിക്കയുമില്ല'

ജീവിതത്തിൽ എങ്ങനെ മുമ്പോട്ട് പോകണം എന്നറിയാതെ നിൽക്കുന്ന ചില നിമിഷങ്ങളില്ലേ? അപ്പോഴും നമ്മെ മുൻപോട്ടു പോകാൻ പ്രേരിപ്പിക്കുന്നത് ചില ദൈവിക വാഗ്ദത്തങ്ങളല്ലേ? ജീവിതത്തിലെ ദർശനങ്ങൾ വെളിപ്പെടുന്ന നാളിനായി നാം കാത്തിരിക്കണം! അതുവരെ ഹൃദയത്തിൽ മടുപ്പു വരാതെ യാത്ര ചെയ്യണം; അതിനു നമ്മെ പ്രേരിപ്പിക്കുന്ന നല്ല വചന ചിന്തകളെ നാം ആശ്രയിക്കണം !
അതു മാത്രം ചിന്തിച്ച് ലക്ഷ്യത്തിലേക്കു തന്നെ കുതിക്കണം!!

ജീവിതത്തിൽ എല്ലാം വൈകി എന്നു തോന്നുന്നവർക്ക് ആശ്വാസം നൽകുന്ന ചില ചിന്താശകലങ്ങൾ ഞാൻ കുറിക്കാം! എപ്പോഴും എന്നെ ഓർമിപ്പിച്ച് ഉണർത്തി എന്നിൽ ആശ്വാസം നൽകിയ വാക്കുകളാണ് ഞാൻ പങ്കുവയ്ക്കുന്നത്.

നല്ലൊരു സമ്മാനം അടുത്ത ദിവസം ലഭിക്കുമെന്നുള്ള വാഗ്ദാനം ആരിൽ നിന്നെങ്കിലും നിങ്ങൾക്ക് ലഭിച്ചെന്ന് കരുതുക! വ്യഗ്രതയോടെ ആ ദിവസം എത്താനായി നിങ്ങൾ കാത്തിരിക്കില്ലേ? കാത്തിരിപ്പിന്റെ ഒടുവിൽ നമ്മുടെ മുൻപിൽ ഒരു വലിയ പൊതിയിൽ സമ്മാനവുമായി അയാൾ എത്തുന്നു. നാം അതിസന്തോഷത്തോടെ ഉള്ളിലെ സമ്മാനം കാണുവാൻ പൊതി അഴിച്ചു തുടങ്ങുന്നു. വർണ്ണപേപ്പർ കുറേ അഴിച്ചിട്ടും സമ്മാനം എത്തുന്നതുമില്ല! പെട്ടെന്ന് നാം മടുക്കുന്നു! നമ്മുടെ ഉള്ളിനുള്ളിൽ നിരാശ കയറി വരുന്നു! അപ്പോൾ ആ വ്യക്തി നമ്മെ മുൻപോട്ട് തുറക്കാൻ പ്രേരിപ്പിക്കുന്നു. ഏറ്റവും വലിയ സമ്മാനമാണ് അതിനുള്ളിലെന്ന നിലയിൽ ഓരോ പൊതിച്ചിലും വീണ്ടും അഴിച്ചു മാറ്റി,ഏറ്റവും ഒടുവിൽ നാം ആ വലിയ സമ്മാനത്തിന്റെ മുൻപിലെത്തുന്നു; നാം അത് കരസ്ഥമാക്കുന്നു.

നമ്മുടെ സന്തോഷം എത്രമാത്രമാണെന്ന് ഒന്നോർത്തു നോക്കൂ!അത്രയും നേരം മടുത്തെന്നു തോന്നിയ നമ്മൾ അപ്പോൾ ഒരു ഗൗരവത്തോടെ തല ഉയർത്തുവാൻ ശ്രമിക്കില്ലേ? ഇത്രയും കഷ്ടപ്പെട്ട് ഞാൻ വലിയ സമ്മാനം കരസ്ഥമാക്കി എന്ന നിലയിൽ ചിന്തിക്കില്ലേ?

ഇതുപോലെ ഓരോ ദൈവീക വാഗ്ദത്തങ്ങളെയും നാം മുമ്പിൽ കാണുക ! ഓരോ സമ്മാനപ്പൊതികളും ദൈവീക വാഗ്ദത്തങ്ങളിലേക്ക് നടന്നടുക്കുന്നതിനിടയിലുള്ള ചില ദിനങ്ങളാണെന്നു കരുതുക! ഓരോ ദിനങ്ങളെയും ഓരോ സമ്മാനപ്പൊതികളായി എടുത്തു മാറ്റി ആ നല്ല ദൈവീക ദർശനങ്ങളുടെ നിവർത്തിയുടെ നല്ല നാളുകളിലേക്കാണ് നടന്നടുക്കുന്നത് എന്നോർത്ത് മനസ്സിനെ ധൈര്യപ്പെടുത്തുക! നല്ല നാളെ നോക്കി യാത്ര ചെയ്യുന്നതിനിടയിൽ ചില വേദനിപ്പിക്കുന്ന ഇന്നലെകൾ നമ്മെ മടുപ്പിച്ചേക്കാം; എങ്കിലും ഓർക്കുക ! വചനം പറയുന്നു:'ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെ ഉണ്ട് ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു ഞാൻ നിന്നെ ശക്തീകരിക്കും ഞാൻ നിന്നെ സഹായിക്കും എന്റെ നീതിയുള്ള വലം കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും',' ഞാൻ നിന്നെ ഉപേക്ഷിക്കയില്ല കൈവിടുകയില്ല'

നമ്മുടെ നല്ല ദൈവം ഇന്നലകളെന്ന പൊതിച്ചിലിനെ അഴിച്ചു മാറ്റി നല്ല നാളെയുടെ നല്ല സമ്മാനങ്ങളിലേക്ക് അഥവാ വാഗ്ദത്തങ്ങളിലേക്ക് അഥവാ നിത്യതയിലേക്ക് നടന്നടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ജീവിതത്തിൽ മടുപ്പു കടന്നു വരാതെ ഇന്നലകളെന്ന വർണ്ണപ്പൊതിച്ചിലിനെ അഴിച്ചുമാറ്റി ദൈവീക വാഗ്ദത്തങ്ങളുടെ നല്ല നാളെകളിലേക്ക്, ആ നല്ല സ്വർഗ കനാനിലേക്കു നടന്നടുക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം നമ്മെ സഹായിക്കട്ടെ!

## പാസ്റ്റർ ജോൺസൻ ജോർജ് ചുമതലയേറ്റു



ന്യൂയോർക്ക്: ശാലേം പെന്തെക്കോസ്തൽ ടാബർണാക്കിൾ സഭാ ശുശ്രൂഷകനായി പാസ്റ്റർ ജോൺസൻ ജോർജ് ചുമതലയേറ്റു.

# നെടുമ്പാശ്ശേരി എ.ജി : പുതിയ ആരാധനാലയം ഉദ്ഘാടനം

നെടുമ്പാശ്ശേരി : 35 വർഷമായി നെടുമ്പാശ്ശേരിയിൽ പ്രവർത്തിച്ചു വരുന്ന ഏ.ജി ഫെലോഷിപ്പ് സെന്ററിനു വേണ്ടി പണി കഴിപ്പിച്ച പുതിയ ആരാധനാലയത്തിന്റെ സമർപ്പണ പ്രാർത്ഥന സെപ്.3 ന് രാവിലെ 9 ന് നടക്കും. അസംബ്ലീസ് ഓഫ് ഗോഡ് ഉത്തര മേഖലാ ഡയറക്ടർ പാസ്റ്റർ ബാബു വർഗീസ്, ആലുവ സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ പി. റ്റി കുഞ്ഞുമ്മൻ, തൃശ്ശൂർ സെക്ഷൻ പ്രസ് ബിറ്റർ പാസ്റ്റർ സി. ജെ സാമുവേൽ എന്നിവർ പങ്കെടുക്കും.

അങ്കമാലി എയർപോർട്ട് ബസ് റൂട്ടിൽ, നായത്തോട് ക്വാളിറ്റി എയർപോർട്ട് ഹോട്ടലിന്റെ മുൻവശത്തുള്ള കെട്ടിടത്തിന്റെ മൂന്നാം നിലയിലാണ് പുതിയ ആരാധനാ സ്ഥലം. ലിഫ്റ്റ്, സൗണ്ട് പ്രൂഫ്, എയർകണ്ടീഷൻ, കാർ പാർക്കിംഗ്, മറ്റെല്ലാ സൗകര്യങ്ങളോടും കൂടിയതാണ് പുതിയ ആരാധനസ്ഥലം.

അപകടത്തിൽ നിന്ന് അത്ഭുതകരമായി വിടുതൽ പ്രാപിച്ച ക്രിസ്തീയ സംഗീതജ്ഞരായ ബ്രദർ ലോഡ്സ്ൻ ആന്റണിയും ടോംസൺ ബി.ജോർജും ഗാനശുശ്രൂഷ നയിക്കും. എ.ജിയിലെ സീനിയർ ശുശ്രൂഷകനും എഴുത്തുകാരനും ബൈബിൾ അദ്ധ്യാപകനുമായ പാസ്റ്റർ ബാബു ജോർജ് പത്തനാപുരം ആണ് സഭാ ശുശ്രൂഷകൻ. നെടുമ്പാശ്ശേരിയിൽ വന്നുപോകുന്ന വിശ്വാസികൾക്കും മറ്റും എയർപോർട്ടിന് അടുത്തുള്ള ഈ ആരാധന സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. വിവരങ്ങൾക്ക് : 8086991167

# ക്രിസ്തുവിനെ സ്വീകരിച്ചതിന് വധഭീഷണി: സംരക്ഷണം നൽകുമെന്ന് ഹൈക്കോടതി

നൈജീരിയ :ഇസ്ലാം മതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ച 18 കാരിയായ യുവതിക്കുനേരെ വധഭീഷണി ഉന്നയിച്ച പിതാവിൽ നിന്നും സഹോദരങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ആഗസ്റ്റ് 25ന് പ്രഖ്യാപിച്ചു. മേരി ഒലോവ് എന്ന യുവതിയുടെയും അവളുടെ അമ്മയുടെയും സംരക്ഷണത്തിനായുള്ള കേസിൽ സഹായിച്ച മത സ്വാതന്ത്ര്യ സംഘടനയായ അലയൻസ് ഡിഫൻഡിംഗ് ഫ്രീഡം (എഡി.എഫ് ) ഇന്റർനാഷണനലാണ് ഈ ഉത്തരവ് വെളിപ്പെടുത്തിയത്.

'സ്വതന്ത്രമായി മതമോ വിശ്വാസമോ തിരഞ്ഞെടുക്കുന്നതിനുമുള്ള മൗലികാവകാശങ്ങൾ ഉണ്ടായിരുന്നിട്ടും ഇസ്ലാം മതവിശ്വാസത്തിൽ നിന്ന് ക്രിസ്തീയ വിശ്വാസത്തിലേക്കു മാറിയതിന്റെ പേരിൽ കുടുംബക്കാരായ പ്രതികളിൽനിന്നുള്ള ഭീഷണിപ്പെടുത്തലിൽ നിന്നും വധശ്രമങ്ങളിൽ നിന്നും ഇതിനാൽ തടഞ്ഞിരിക്കുന്നു. ഉത്തരവിൽ വ്യക്തമാക്കുന്നു. വിധിക്കെതിരെ അപ്പീൽ നൽകിയിട്ടില്ല എന്നാണ് എഡി.എഫ് ഇന്റർനാഷണൽ വ്യക്തമാക്കുന്നത്.

'ഈ ഭീഷണികളിൽ നിന്ന് മേരിക്ക് സംരക്ഷണം ലഭിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, ഇസ്ലാമിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മാറാനുള്ള അവളുടെ മൗലികാവകാശം കോടതി അംഗീകരിച്ചു.' എഡി.എഫ് ഇന്റർനാഷണലിന്റെ നിയമോപദേശകൻ ഷോൺ നെൽസൺ പറഞ്ഞു.

# യുകെയിലേക്ക് വിദേശ വിദ്യാർത്ഥികളുടെ ഒഴുക്ക്; ഒന്നാമത് ഇന്ത്യക്കാർ



ഡൽഹി: 2023ൽ മാത്രം 1,42,848 സ്റ്റുഡന്റ് വിസകളാണ് ഇന്ത്യക്കാർക്ക് മാത്രമായി നൽകിയതെന്ന് യു.കെ. യു.കെയിലുള്ള വിദേശവിദ്യാർഥികളിൽ മുന്നിലൊന്ന് ഇന്ത്യൻ വിദ്യാർഥികളാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 2022 ജൂണിൽ 92,965 സ്റ്റുഡന്റ് വിസകൾക്കാണ് അനുമതി നൽകിയത്. ഇത്തവണ അത് വീണ്ടും വർദ്ധിച്ചു.54 ശതമാനം വർധനവാണ് ഒറ്റ വർഷം കൊണ്ട് സംഭവിച്ചത്. രണ്ടാം സ്ഥാനത്ത് ചൈനയിൽ നിന്നുള്ള വിദ്യാർത്ഥികളാണ്. മൊത്തം വിദേശവിദ്യാർഥികളിൽ 50 ശതമാനവും ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും ഉള്ളവരാണ്. ഡിപ്പന്റന്റ് വിസകളുടെ എണ്ണത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. 43,552 പേരാണ് ഡിപ്പന്റന്റ് വിസയിലുള്ളത്. നൈജീരിയ ഒന്നാം സ്ഥാനത്താണ്. 67,516 പേരാണ് ഉള്ളത്.

## കിഴക്കൻ യുക്രൈനിലെ ക്രിസ്ത്യൻ

# ദേവാലയം റഷ്യൻ സൈന്യം പിടിച്ചെടുത്തു



മോസ്കോ: കിഴക്കൻ യുക്രൈനിലെ ഖേഴ്സൺ മേഖലയിലെ കത്തോലിക്ക ദേവാലയം റഷ്യൻ സൈന്യം പിടിച്ചെടുത്തു. സ്കാഡോവ്സ്ക് നഗരത്തിലെ സെന്റ് തെരേസ ഓഫ് ചൈൽഡ് ജീസസ് കത്തോലിക്കാ ദേവാലയമാണ് സൈന്യം തങ്ങളുടെ വരുതിയിലാക്കിയത്. വൈദികരെയോ വിശ്വാസികളെയോ പ്രവേശിക്കുവാൻ റഷ്യൻ സൈന്യം അനുവദിക്കുന്നില്ലെന്ന് ഓഡേസസിംഫെറോപോൾ രൂപതയുടെ മെത്രാനായ സ്റ്റാനിസ്ലോവ് സിറോകൊറാഡിയൂക്ക് വെളിപ്പെടുത്തി. മാസ്കുകൾ ധരിച്ച ആയുധധാരികളായ പ്രത്യേക ദൗത്യ സേനയാണ് ദേവാലയം പിടിച്ചെടുത്തിരിക്കുന്നത്. സൈന്യം ദേവാലയത്തിന്റെ വാതിലുകളും, ജനാലകളും തകർത്തുവെന്നും ബിഷപ്പ് വെളിപ്പെടുത്തിയിട്ടുണ്ട്.

യുക്രൈനിലെ ക്രിമിയും, ഡോണെട്സ്ക്, ഖേഴ്സൺ, ലുഹാൻസ്ക്, മൈകോലായിവ്, സാപ്പോരിഴ്യ, ഒബ്ലാസ്റ്റ്സ് എന്നീ മേഖലകളുടെ ചില ഭാഗങ്ങളും ഇപ്പോൾ റഷ്യയുടെ നിയന്ത്രണത്തിലാണ്. തീവ്രവാദത്തിനെതിരായ നടപടികളുടെ ഭാഗമായിട്ടാണ് ദേവാലയം പിടിച്ചെടുത്തിരിക്കുന്നതെന്നാണ് റഷ്യൻ സൈന്യം പറയുന്നത്. എന്നാൽ ആ സമയത്ത് ദേവാലയത്തിൽ ആരും തന്നെ ഉണ്ടായിരുന്നില്ലെന്നും, അല്ലായിരുന്നെങ്കിൽ അവരെ തീവ്രവാദികളെന്ന് മുദ്രകുത്തി തടവിലാക്കുമായിരുന്നെന്നും ബിഷപ്പ് പറഞ്ഞു. ദേവാലയത്തിന്റെ ചുമതല വഹിക്കുന്ന മറ്റൊരു വൈദികനെ ദേവാലയത്തിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കിയിരിക്കുകയാണ്.

## ഐപിസി സിയോൻ ടാബർനാക്കിൾ ചർച്ച് 5 ദിന ഉപവാസ പ്രാർത്ഥന

കോട്ടയം: ഐപിസി സിയോൻ ടാബർനാക്കിൾ സഭയുടെ ആഭിമുഖ്യത്തിൽ 5 ദിവസത്തെ ഉപവാസ പ്രാർത്ഥന നാളെ മുതൽ സെപ്റ്റംബർ 3 വരെ നടത്തപ്പെടുന്നു. രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 12:30 വരെയും, വൈകിട്ട് 6:30 മുതൽ 8:45 വരെ സഭാഹാളിൽ വച്ചാണ് യോഗങ്ങൾ നടക്കുന്നത്. പാസ്റ്റർ സജി പി. എബ്രഹാം, പാസ്റ്റർ ഉമ്മൻ മൊടയിൽ, പാസ്റ്റർ വർഗീസ് ബേബി കായംകുളം, പാസ്റ്റർ ബി. മോനച്ചൻ കായംകുളം, പാസ്റ്റർ സജീവ് എബ്രഹാം എന്നിവർ ദൈവവചനം സംസാരിക്കും.

## വീടുകളിലെ പ്രാർത്ഥന തടയാനാവില്ല: കർണാടക ഹൈക്കോടതി

ബെംഗളൂരു: വീടിനുള്ളിൽ നടക്കുന്ന മതപരമായ പ്രാർഥനകൾ തടയാൻ സാധിക്കില്ലെന്ന് കർണാടക ഹൈക്കോടതി. വിധി പകർപ്പ് ഇനിയും കോടതി പുറത്തു വിട്ടിട്ടില്ല. എച്ച്ബിആർ ലേഔട്ടിലെ പ്രദേശവാസികൾ സമർപ്പിച്ച പൊതുതാൽപര്യ ഹർജി ചീഫ് ജസ്റ്റിസ് പ്രസന്ന ബി. വർലെ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് തള്ളി. പൊതുതാൽപര്യ ഹർജിയിൽ വാദം കേൾക്കുന്നതിനിടെ, പ്രാർത്ഥന നടത്തുന്നതിലൂടെ അപകടസാധ്യതയുണ്ടെന്ന് ഹരജിക്കാരുടെ അഭിഭാഷകൻ സമർപ്പിച്ച വാദത്തെ കോടതി ശക്തമായി അപലപിച്ചു.

ജനവാസകേന്ദ്രം പ്രാർത്ഥനാ ഹാളായി ഉപയോഗിക്കുന്നത് അയൽവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നാണ് വാദം. ബിബിഎംപിയുടെ അനുമതിയില്ലാതെ മസ്ജിദ് ട്രസ്റ്റ് കെട്ടിടം നിർമിച്ചപ്പോൾ വിഷയം മുമ്പ് കോടതിയിൽ എത്തിയിരുന്നു. ബിബിഎംപിയുടെ അനുമതി ലഭിച്ചാൽ മാത്രമേ മദ്രസ കെട്ടിടം നിർമിക്കാൻ പാടുള്ളുവെന്ന് കോടതി നിർദേശിച്ചിരുന്നു. പിന്നീട് കെട്ടിടം നിർമിച്ച് പാവപ്പെട്ട കുട്ടികൾക്കായി ഉപയോഗിച്ചു. വസ്തുവിൽ പുതിയ കെട്ടിടം വന്നതിനെ തുടർന്നാണ് പൊതുതാൽപര്യ ഹർജി നൽകിയത്.

'ഇത്തരം പ്രസ്താവനകൾ കോടതി അനുവദിക്കുന്നില്ല. ശക്തമായ എതിർപ്പുകളുള്ള കാര്യമാണിത്, നിങ്ങൾക്ക് അങ്ങനെ യാദൃശ്ചികമായി ഒരു പ്രസ്താവന നടത്താൻ അവകാശമില്ല. ചില നിയമങ്ങളുടെ ലംഘനമുണ്ടെന്ന് ഒരാൾക്ക് പറയാൻ അവകാശമുണ്ട്, എന്നാൽ ആരെങ്കിലും പ്രാർത്ഥിക്കുന്നത് ഭീഷണിപ്പെടുത്തുന്ന പ്രവർത്തനമാണെന്ന്, നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും? കോടതി മുന്നറിയിപ്പ് നൽകി.

കവിത

# 'കർത്താവിന്റെ വൻകൃപയേയിത്'

യേശുരാജൻ എന്നിൽ
വാഹനമേറിയില്ലായിരുന്നെങ്കിൽ
ജീവിതം കെട്ടപ്പെട്ടുപോകുമായിരുന്നൊരു
കഴുതക്കുട്ടി ഞാൻ...

ജീവന്റെ രാജാവ്
എന്നിലേക്കെഴുന്നെള്ളി
വന്നിരുന്നില്ലായിരുന്നെങ്കിൽ
മരണം വിഴുങ്ങിക്കളയുമായിരുന്നൊരു
നിസ്സഹായൻ ഞാൻ...


സർവ്വജ്ഞാനിയായവൻ
എന്നിൽ ദിവ്യജ്ഞാനമോതിയില്ലായിരുന്നെങ്കിൽ
ഭോഷത്വത്തിൽ ജീവിതം
തീർന്നുപോകുമായിരുന്നൊരു
ബുദ്ധിഹീനൻ ഞാൻ...
പരിശുദ്ധാത്മനെനിക്ക് നൽവഴി
കാട്ടിയില്ലായിരുന്നെങ്കിൽ
അന്ധകാരത്തിൻ
അടിമനുകത്തിൽ തകർന്നു
പോകുമായിരുന്നൊരു കുരുടൻ
ഞാൻ...

യേശുരാജനെ
വഹിച്ചുകൊണ്ടുള്ള യാത്രയിൽ
എൻ കദനങ്ങൾ മറന്നു
ഉല്ലസിയ്ക്കുന്നൊരുവൻ
ഞാൻ...

യേശുരാജനെ എന്നിൽ
ഇരിപ്പാൻ അനുവദിച്ചതിനാൽ
മാനിക്കപ്പെട്ടവനായി
തീർന്നൊരുവൻ ഞാൻ...

യേശുരാജനെന്നെ
ആവശ്യമുള്ളതിനാൽ
ജീവിതത്തിനൊരു
അർത്ഥമുണ്ടായവൻ
ഞാൻ...

കർത്താവെന്നോടു വൻകൃപ
കാട്ടിയതിനാൽ
ജീവനിലേക്ക് കയറിവരുവാൻ
ഭാഗ്യം ലഭിച്ചൊരുവൻ ഞാൻ...



ഷിജി എബ്രഹാം.
പട്ടാഴി


13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലിഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220


CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION
LIVE STREAMING